# പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ. 1797

04/12/2018-ൽ
മറുപടിയ്ക്ക്

## നിലമ്പൂർ ഗവൺമെന്റ് കോളേജിൽ കോഴ്സുകളും നിയമനവും

**ചോദ്യം** **മറുപടി**

ശ്രീ.പി.വി.അൻവർ :

ഡോ.കെ.ടി.ജലീൽ
(ഉന്നത വിദ്യാഭ്യാസ വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | നിലമ്പൂർ ഗവൺമെന്റ് കോളേജിന് ഓഫീസ് ജീവനക്കാരുടെ തസ്തിക അനുവദിച്ചിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഓഫീസ് പ്രവർത്തനം സുഗമമാക്കുന്നതിനായി ജീവനക്കാരെ നിയമിക്കുന്ന കാര്യം പരിഗണിക്കുമോ; വിശദമാക്കാമോ; | (എ) | ഉണ്ട്; ഓഫീസ് പ്രവർത്തനം സുഗമമാക്കുന്നതിനായി പെരിന്തൽമണ്ണ പി.ടി.എം ഗവൺമെന്റ് കോളേജിലെ ഹെഡ് അക്കൗണ്ടന്റ് ശ്രീ.അജയകുമാറിനെ സേവന ക്രമീകരണ വ്യവസ്ഥയിൽ നിയമിച്ചിട്ടുണ്ട്. പ്രസ്തുത കോളേജിൽ അനദ്ധ്യാപക തസ്തിക സൃഷ്ടിക്കുന്ന വിഷയം സർക്കാർ പരിശോധിച്ചു വരികയാണ്. |
| (ബി) | ഉന്നത വിദ്യാഭ്യാസ സൗകര്യങ്ങൾ കുറവായ പ്രദേശമെന്ന പരിഗണന നൽകി സൗകര്യങ്ങൾ ഒരുക്കിയാൽ പ്രസ്തുത കോളേജിൽ കൂടുതൽ കോഴ്സുകൾ അനുവദിക്കുമോ; വ്യക്തമാക്കാമോ? | (ബി) | കോഴ്സിനുള്ള പ്രൊപ്പോസൽ ലഭ്യമാകുന്ന മുറയ്ക്ക് ഇക്കാര്യം പരിശോധിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**